രക്ഷയുടെ പാതയിൽ-4




4

# ജീവന്റെ നീർച്ചാലുകൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ഈശോ ജീവന്റെ ഉറവിടം
2. സഭയിലൂടെ ജീവൻ നൽകുന്ന ഈശോ
3. കൂദാശകൾ: ജീവൻ നൽകുന്ന ചാലുകൾ
4. മാമ്മോദീസാ: ഈശോയിലുള്ള ജനനം
5. തൈലാഭിഷേകം: പരിശുദ്ധാത്മാവിലുള്ള അഭിഷേകം
6. വി. കുർബാന: ജീവൻ നൽകുന്ന ബലി
7. വി. കുർബാന: ജീവന്റെ അപ്പം
8. ഈശോയെ സ്വീകരിക്കാൻ
9. അനുരഞ്ജിതരായ് തീർന്നീടാം
10. അനുരഞ്ജനകൂദാശ
11. രോഗീലേപനം
12. തിരുപ്പട്ടം
13. വിവാഹം
14. കുദാശാനുകരണങ്ങൾ
15. പ്രാർത്ഥന: ദൈവവുമായുള്ള സംഭാഷണം

പാഠം 5

# തൈലാഭിഷേകം ആത്മാവിലുള്ള അഭിഷേകം



പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ എഴുന്നെള്ളിവന്നു. തീനാവുകളുടെ രൂപത്തിലാണ് പരിശുദ്ധാത്മാവ് ഓരോരുത്തരുടേയും മേൽ വന്നത്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യന്മാർക്ക് പുതിയ ധൈര്യവും ശക്തിയും ലഭിച്ചു.



ഈശോയെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസ് അവിടുത്തെക്കുറിച്ച് ജനങ്ങളോടു പ്രസംഗിക്കാൻ തുടങ്ങി. പ്രസംഗംകേട്ട് അന്നുതന്നെ മൂവായിരത്തോളം ആളുകൾ ഈശോയിൽ വിശ്വസിച്ചു.



മറ്റു ശിഷ്യരും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പോയി ഈശോയെക്കുറിച്ച് പ്രസംഗിച്ചു. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ലഭിച്ച ധൈര്യവും ശക്തിയും ഈശോയെപ്രതി രക്തസാക്ഷിത്വം വരിക്കാൻപോലും അവരെ പ്രാപ്തരാക്കി.



സഭയിലെ ആദ്യത്തെരക്തസാക്ഷിയാണ്

# എസ്തപ്പാനോസ്.



‘എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും”

(യോഹ. 14:26).



# തൈലാഭിഷേകം

മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച് ദൈവമക്കളായിത്തീർന്ന നമുക്കു മിശിഹായുടെ സുവിശേഷം പ്രഘോഷിക്കുന്നതിനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും നൽകുന്ന കൂദാശയാണ് തൈലാഭിഷേകം.



# പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ

**ജ്ഞാനം**

**ബുദ്ധി**

**ആലോചന**

**അറിവ്**

**ആത്മശക്തി**

**ഭക്തി**

**ദൈവഭയം**






ജ്ഞാനം





അറിവ്



ബുദ്ധി



ദൈവഭയം



ആത്മശക്തി



ആലോചന



ഭക്തി



# പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ,

വിശ്വസ്തത, സൗമ്യത, ആത്മസംയമനം,

വിശുദ്ധി, മിതത്വം, സഹനശക്തി.

# തൈലാഭിഷേക കൂദാശയുടെ ഫലങ്ങൾ

പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രത്യേകമായി ലഭിക്കുന്നു.

ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമ്മെ ശക്തരാക്കുന്നു.

സുവിശേഷം പ്രഘോഷിക്കുവാൻ നമ്മെ ശക്തരാക്കുന്നു.

ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ നമ്മെ ശക്തരാക്കുന്നു.

തിന്മയ്ക്കെതിരേ പോരാടാൻ വേണ്ട ശക്തി നൽകുന്നു.



# നമുക്കു പാടാം



പുതുജൻമത്തിൻ ജീവജലം
ആത്മവിശുദ്ധി പകർന്നരുളും
മേഘപഥത്തിൽ വെൺപ്രാവായ്
പാവനരൂപനിറങ്ങുന്നു.

# നമുക്കു പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവിനെ നൽകി സുവിശേഷചൈതന്യം കൊണ്ട് ശ്ലീഹന്മാരെ നിറച്ച കർത്താവേ, ഈ ദിവ്യാത്മാവിന്റെ ദാനങ്ങൾ ഞങ്ങളുടെ സമൂഹത്തിലും വർഷിക്കുവാൻ കൃപയുണ്ടാകണമേ.

**നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം**

(അപ്പ.2:1–4)



# ഓർമ്മിക്കാൻ ഒരു തിരുവചനം

അഗ്നിജ്വാലകൾപോലുള്ള നാവുകൾ
തങ്ങളോരോരുത്തരുടെയുംമേൽ
വന്നു നിൽക്കുന്നതായി അവർ കണ്ടു.
അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.
(അപ്പ 2:3–4).

# എന്റെ തീരുമാനം

എന്റെ കൂട്ടുകാരുടെ ഇടയിൽ ഈശോയ്ക്ക് സാക്ഷിയായി
ഞാൻ ജീവിക്കും.



# നമുക്കു ആടാം പാടാം

തൈലാഭിഷേകത്താൽ ശക്തരായി
നാഥന്റെ പ്രേഷിതരാകേണം നാം
റൂഹായെ നേടിയ ശിഷ്യഗണം
നാഥന്റെ സാക്ഷികളായപോലെ
പന്തക്കുസ്താ ദിനം ശിഷ്യർനേടി
ആത്മാവിൽ നവ്യമാം ജീവശക്തി
ഭീരുത്വം മ്ലാനത പോയ്മറഞ്ഞു
വചനം പ്രഘോഷിക്കാൻ നാവുയർന്നു
തൈലാഭിഷേകമാം കൂദാശയി–
ന്നേകുന്നു നമ്മിലും നവ്യശക്തി
തിന്മയെ എന്നുമകറ്റിനിർത്താൻ
തിന്മതൻ പാതയിൽ സഞ്ചരിക്കാൻ.

Thank you